LIBRARY ARCHIVES Kerala Legislative Assembly

പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ SLBC കൺവീനർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 304.44 ലക്ഷം രൂപ സർക്കാർ SLBC-യ്ക്ക് നൽകിയിരുന്നു. പിന്നീട്, സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 21-12-2020-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട വ്യവസായ (കശുവണ്ടി) വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുടെ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുമായി യോഗം ചേരുകയും കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും, പുനഃക്രമീകരിക്കാനാകാത്ത വായ്പകളിന്മേൽ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് ഫോർമുല രൂപീകരിക്കാനുമായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) കൺവീനർ എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 3 മീറ്റിംഗുകൾ ഇതിനകം ചേർന്നിട്ടുണ്ട്. തുടർന്ന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനായി 12-7-2021-ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ പ്രതിനിധികളുമായും ബാങ്ക് പ്രതിനിധികളുമായും യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ വ്യവസായികൾക്കെതിരായ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ളവ നിർത്തിവയ്ക്കാനുള്ള നിർദ്ദേശം ബാങ്കുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 'ഒറ്റത്തവണ തീർപ്പാക്കൽ' ഫോർമുല സംബന്ധിച്ച് ബാങ്കുകളും വ്യവസായികളും തമ്മിൽ സമവായത്തിലെത്തുന്നതോടെ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുന്നതാണ്.

കശുവണ്ടി ഫാക്ടറികൾ

199 (1929) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലും എത്ര കശുവണ്ടി ഫാക്ടറികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

കൊല്ലം നിയോജകമണ്ഡലത്തിൽ പൊതുമേഖലയിൽ 7 ഫാക്ടറികളും സ്വകാര്യ മേഖലയിൽ 145 ഫാക്ടറികളും നിലവിലുണ്ട്. പൊതുമേഖലയിലെ 7 ഫാക്ടറികളിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ 5 ഫാക്ടറികളും ഉൾപ്പെടുന്നു.

(ബി) 2020-21 കാലഘട്ടത്തിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ എത്ര ദിവസം പ്രവർത്തിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ?

2020-21 കാലഘട്ടത്തിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ 5 ഫാക്ടറികൾ 89 ദിവസവും കാപ്പെക്സിന്റെ കീഴിലുള്ള 2 ഫാക്ടറികളിൽ പെരിനാട് ഫാക്ടറി 117 ദിവസവും പെരുമ്പുഴ ഫാക്ടറി 142 ദിവസവും പ്രവർത്തിച്ചിട്ടുണ്ട്. സ്വകാര്യ ഉടമസ്ഥതയിലുള്ള ഫാക്ടറികൾ ശരാശരി 150 ദിവസവും പ്രവർത്തിച്ചിട്ടുണ്ട്.

കണ്ടറ നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ

200 (1930) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടറ നിയോജകമണ്ഡലത്തിൽ 2016 വരെ എത്ര കശുവണ്ടി ഫാക്ടറികൾ ഉണ്ടായിരുന്നുവെന്നും നിലവിൽ എത്ര ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കാമോ?

കണ്ടറ നിയോജകമണ്ഡലത്തിൽ 2016 വരെ ആകെ 150 കശുവണ്ടി ഫാക്ടറികൾ ഉണ്ടായിരുന്നതിൽ 83 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്.

(ബി) കണ്ടറ നിയോജകമണ്ഡലത്തിൽ 2020-21 കാലഘട്ടത്തിൽ എത്ര ഫാക്ടറികൾ പ്രവർത്തിച്ചിരുന്നുവെന്നും പ്രസ്തുത കാലഘട്ടത്തിൽ കശുവണ്ടി ഫാക്ടറികളിൽ എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നുവെന്നും അറിയിക്കാമോ?

കണ്ടറ നിയോജകമണ്ഡലത്തിൽ 2020-21 കാലഘട്ടത്തിൽ 104 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലഘട്ടത്തിൽ കശുവണ്ടി വികസന കോർപ്പറേഷന് കീഴിലുള്ള 5 ഫാക്ടറികളിൽ 89 തൊഴിൽദിനങ്ങളും കാപ്പെക്സിന്റെ അധീനതയിലുള്ള പെരിനാട് ഫാക്ടറിയിൽ 117-ഉം പെരുമ്പുഴ ഫാക്ടറിയിൽ 142 തൊഴിൽദിനങ്ങളും നൽകിയിരുന്നു. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ ശരാശരി 150 ദിവസം പ്രവർത്തിച്ചിട്ടുണ്ട്.

കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം

201 (1931) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തിന്റെ ആധുനികവത്കരണത്തിനും കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനും ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പാക്കേജ് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly